I/5313888/2022

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിസി1/131/2022/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16-06-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - കേന്ദ്രസർക്കാരിന്റെ NSAP പദ്ധതിക്ക് കീഴിൽ വിവിധ പെൻഷൻ സ്കീമുകളിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ എണ്ണം പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സ.ഉ.(കൈ) നം.172/2013/തസ്വഭവ തീയതി 14.05.2013.
2) പഞ്ചായത്ത് ഡയറക്ടറുടെ 25.03.2022-ലെ PAN/14136 /2019-DBT1(DP) നമ്പർ കത്ത്.

**********************

കേന്ദ്രസർക്കാരിന്റെ NSAP പദ്ധതിയിൽ ഗുണഭോക്താക്കളുടെ mapping and NSAP- PFMS beneficiary integration നടന്നിട്ടില്ലാത്തതാണ് എന്നും ഗുണഭോക്താക്കളുടെ ട്രാൻസാക്ഷൻ ഡാറ്റയും പെൻഷൻ അനുവദിച്ചുകൊണ്ടുള്ള അനുമതി ഉത്തരവിന്റെ നമ്പരും ഉൾപ്പെടെയുള്ള വിവരങ്ങൾ ഡിബിടി ഭാരത് പോർട്ടലിലേക്ക് രേഖപ്പെടുത്തുന്നതിനായി അടിയന്തരമായി ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. NSAP പദ്ധതി പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം 6,88,329 ആണ്. അതുപ്രകാരം വിവിധ പെൻഷനുകളുടെ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ പരിധിയും നിലവിലെ എണ്ണത്തിലുള്ള കുറവും പെൻഷൻ നിജപ്പെടുത്താവുന്ന പരിധിയും ചുവടെ നൽകിയിരിക്കുന്ന പ്രകാരമാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ പരിധി | ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള കുറവ് | നിജപ്പെടുത്താവുന്ന പരിധി |
|---|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - IGNOAPS (60 മുതൽ 79 വയസ്സുവരെ) | 362145 | -- | 362145 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | | |

| | | | | |
|---|---|---|---|---|
| 2 | - IGNOAPS (80 വയസ്സ് മുതൽ) | 87013 | 46525 | 87013 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - IGNWP | 209236 | -- | 229693 |
| 4 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി - IGNDP | 29935 | 20457 | 9478 |

3. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (60 മുതൽ 79 വയസ്സുവരെ) വിഭാഗത്തിൽ ബി.പി.എൽ. രേഖപ്പെടുത്തിയ ഗുണഭോക്താക്കൾ, കേന്ദ്രസർക്കാർ നിജപ്പെടുത്തിയിട്ടുള്ള 3,62,145 എന്ന എണ്ണത്തിനേക്കാൾ കൂടുതൽ നിലവിലുണ്ട്.ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സും അതിനു മുകളിലും) വിഭാഗത്തിൽ ആകെ ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണം കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുള്ള ഉയർന്ന പരിധിയേക്കാൾ കുറവാണ്.മേൽ സാഹചര്യത്തിൽ, വിവിധ പെൻഷനുകളുടെ ഗുണഭോക്‌താക്കളുടെ എണ്ണത്തിലുള്ള കുറവ്, NSAP പദ്ധതി പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ പരിധിയിൽ വ്യതിയാനം വരുത്താതെ നിജപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

4. NSAP പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മൊത്തം ഗുണഭോക്താക്കളുടെ എണ്ണം സ്ഥിരമായിരിക്കുമെന്നതിനാലും NSAP പ്രകാരം അനുവദിച്ച ഗുണഭോക്താക്കളുടെ ആകെ എണ്ണത്തിൽ മാറ്റം വരുത്താതെ മാനദണ്ഡങ്ങൾക്കനുസരിച്ച് വിവിധ പെൻഷൻ സ്കീമുകളിലെ ഗുണഭോക്താക്കളുടെ എണ്ണം സംസ്ഥാന സർക്കാരിന് പുതുക്കി നിശ്ചയിക്കാമെന്നതിനാലും, മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ ഗുണഭോക്താക്കൾ കുറയുമ്പോൾ NSAP പ്രകാരം ആകെ അനുവദിച്ച എണ്ണത്തിൽ കവിയാതെ പുതിയ ഗുണഭോക്താക്കളെ ചേർക്കാൻ കഴിയും എന്നതിനാലും NSAP പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:

4.1. വാർദ്ധക്യകാല പെൻഷൻ (60 മുതൽ 79 വയസ്സുവരെ) വിഭാഗത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 3,62,145 നു മുകളിൽ ഗുണഭോക്താക്കൾ ഉള്ളതിനാൽ ഈ പരിധി തുടരുന്നതാണ്.

4.2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സും അതിനു മുകളിലും) വിഭാഗത്തിൽ ഇപ്പോൾ ആകെ 40,488 ഗുണഭോക്താക്കൾ മാത്രമേ ഉള്ളൂ. സൂചന ഒന്ന് ഉത്തരവ് പ്രകാരം ബി പി എൽ ആയിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ള 46,525 പേരെക്കൂടി ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് അർഹരായി കണക്കാക്കാവുന്നതാണ്.

4.3. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത് 29,935 എണ്ണം ഗുണഭോക്താക്കളെയാണെങ്കിലും ഈ വിഭാഗത്തിൽ 9,478 എണ്ണം ഗുണഭോക്താക്കൾ മാത്രം ഉള്ളതിനാൽ ഗുണഭോക്താക്കളുടെ എണ്ണം 9,478 എണ്ണത്തിലേക്ക് നിജപ്പെടുത്താവുന്നതാണ്.

4.5 . ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതിക്ക് കീഴിൽ കുറവ് ചെയ്യുന്ന 20,457 എണ്ണം ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷനിലേക്ക് കൂട്ടിച്ചേർത്ത്, അത്രയും അർഹരായിട്ടുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നിലവിൽ അനുവദിച്ചിട്ടുള്ള 2,09,236 എണ്ണം എന്നതിൽ നിന്നും 2,29,693 ആക്കി പുതുക്കി നിശ്ചയിക്കാവുന്നതാണ്.

5. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ PFMS-ൽ മാപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

SHIBI ABRAHAM
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Bhavi kumar

സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്